(1)	(2)	(3)	(4)
ഹെൽത്ത് സൂപ്പർവൈസർ	1	1	...
ഹെൽത്ത് ഇൻസ്പെക്ടർ	1	...	1
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I	2	2	...
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II	5	5	...
ലേഡി ഹെൽത്ത് സൂപ്പർവൈസർ	1	1	...
ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1	1	...
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	10	10	...
പാർട്ട്-ടൈം സ്വീപ്പർ	1	1	...

(ബി) ഇടയാഴം ബ്ലോക്ക് സാമൂഹികാരോഗ്യകേന്ദ്രത്തിൽ എൻ.ആർ. എച്ച്.എം വഴി ഒരു സ്റ്റാഫ് നഴ്സിനെയും ആറ് സ്കൂൾ ഹെൽത്ത് നഴ്സുമാരെയും നിയമിച്ചിട്ടുണ്ട്.

വൈപ്പിൻ നിയോജകമണ്ഡലം-ആരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

60 (6765) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകൾ എത്രയാണ് ; ഇപ്പോൾ ജോലി ചെയ്യുന്നവർ എത്രപേർ ; എത്ര ഒഴിവുകൾ ഉണ്ട് എന്ന് രേഖാമൂലം വിശദമാക്കുമോ ;

(ബി) ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകളും ഒഴിവുകളും സംബന്ധിച്ച വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly